സമഗ്ര തീരദേശ വികസന പദ്ധതിയുടെ ഭാഗമായി കണ്ണൂർ ജില്ലയിൽ 5 കോടി രൂപ അടങ്കൽ വരുന്ന 27 പദ്ധതികൾക്ക് സർക്കാർ അനുമതി നൽകിയിരുന്നു. കുടിവെള്ള പദ്ധതികൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ, പബ്ലിക് ഹെൽത്ത് സെന്ററുകൾ, ബയോഗ്യാസ് പ്ലാന്റ്, അംഗൻവാടികൾ എന്നീ ഇനങ്ങളിലായി 14 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. നാളിതുവരെ 351 ലക്ഷംരൂപ വിനിയോഗിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ സമഗ്ര തീരദേശ വികസന പദ്ധതിപ്രകാരം 44 പദ്ധതികൾക്കായി 5 കോടി രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 2010-11 വർഷത്തിൽ എറണാകുളം ജില്ലയിൽ നാളിതുവരെ 4.63 കോടി രൂപ അടങ്കൽ വരുന്ന 56 പദ്ധതികൾക്കും ആലപ്പുഴ ജില്ലയിൽ 3.47 കോടി രൂപ അടങ്കൽ വരുന്ന 26 പദ്ധതികൾക്കും അനുമതി നൽകിയിട്ടുണ്ട്. കൂടാതെ 9.8 കോടി രൂപ അടങ്കൽവരുന്ന കുടിവെള്ള പദ്ധതികളും എറണാകുളം, ആലപ്പുഴ ജില്ലകളിൽ നടപ്പാക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികളെല്ലാം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ 6.2 കോടി രൂപയ്ക്കുള്ള പദ്ധതി, കണ്ണൂർ ജില്ലയിൽ 5 കോടിരൂപയ്ക്കുള്ള പദ്ധതി, തൃശ്ശൂർ ജില്ലയിൽ 5 കോടി രൂപയ്ക്കുള്ള പദ്ധതി, എറണാകുളം ജില്ലയിൽ 5 കോടി രൂപയ്ക്കുള്ള പദ്ധതി, ആലപ്പുഴ ജില്ലയിൽ 3.8 കോടി രൂപയ്ക്കുള്ള പദ്ധതി, ആലപ്പുഴ, എറണാകുളം ജില്ലകളിൽ കുടിവെള്ള പദ്ധതികൾക്കായി 9.8 കോടി രൂപ എന്നീയിനത്തിൽ മൊത്തം 34.8 കോടി രൂപയുടെ പദ്ധതികളാണ് സമഗ്ര തീരദേശ വികസന പദ്ധതിപ്രകാരം നടപ്പാക്കുന്നത്.

(ബി&സി) ഈ പ്രത്യേക പദ്ധതിയിൻകീഴിൽ ഫിഷിംഗ് ഹാർബറുകൾ ഒന്നുംതന്നെ തുടങ്ങിയിട്ടില്ലെങ്കിലും സംസ്ഥാനത്ത് നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി, കണ്ണൂർ ജില്ലയിലെ തലായ്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, ചെറുവത്തൂർ, തൃശ്ശൂർ ജില്ലയിലെ ചേറ്റുവ, ആലപ്പുഴ ജില്ലയിലെ ചെത്തി, അർത്തുങ്കൽ, എറണാകുളം ജില്ലയിലെ ചെല്ലാനം എന്നിവിടങ്ങളിൽ ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ഇതിൽ ചെല്ലാനം, അർത്തുങ്കൽ എന്നിവയുടെ ഒന്നാംഘട്ടം പൂർത്തിയാക്കി. കൊയിലാണ്ടി, തലായ് എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ 2011-12-ലും കാസർഗോഡ് ചെറുവത്തൂർ, ചേറ്റുവ എന്നിവ 2013-14-ലും ചെത്തി 2011-ലും, ചെല്ലാനം 2013-ലും നിർമ്മാണം പൂർത്തിയാക്കും.

തൃക്കുന്നപ്പുഴ, പാന്നൂർ ഫിഷറീസ് ആശുപത്രി നിർമ്മാണം

203 (1673) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ വികസന പദ്ധതിയുടെ ഭാഗമായി തൃക്കുന്നപ്പുഴ പാന്നൂർ ഫിഷറീസ് ആശുപത്രിനിർമ്മാണത്തിന് എത്ര ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ആശുപത്രിക്ക് ഭരണാനുമതി ലഭിച്ചിട്ട് എത്ര മാസങ്ങളായി ;

(സി) ഭരണാനുമതി ലഭിച്ചതിനുശേഷം പ്രസ്തുത ആശുപത്രിയുടെ നിർമ്മാണപുരോഗതി വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ഫിഷറീസ് ആശുപത്രിയുടെ നിർമ്മാണം എന്നത്തേയ്ക്കു പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സമഗ്ര തീരദേശ വികസന പദ്ധതി പ്രകാരം തൃക്കുന്നപ്പുഴ പാന്നൂർ ഗവൺമെന്റ് ഫിഷറീസ് ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണത്തിന് 30 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2010 സെപ്റ്റംബർ മാസത്തിലാണ് മേൽപ്പറഞ്ഞ പദ്ധതിക്ക് ഭരണാനുമതി നൽകിയത്.

(സി) പ്രസ്തുത ആശുപത്രിയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിർവ്വഹണ ഏജൻസി ആരോഗ്യവകുപ്പാണ് നിർമ്മാണം ഉടൻ തുടങ്ങുന്നതിന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) ഒരു വർഷത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

പരവൂർ നഗരസഭയിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ റോഡുനിർമ്മാണം

204 (1674) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരവൂർ നഗരസഭയിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ നിർമ്മാണത്തിലേക്കായി എത്ര റോഡുകൾ ഏറ്റെടുത്തിരുന്നുവെന്ന് റോഡുകളുടെ പേരും തുകയും ഉൾപ്പെടെ അറിയിക്കുമോ ;

(ബി) പ്രസ്തുത റോഡുകളിൽ പുനരുദ്ധാരണം പൂർത്തിയാക്കിയ റോഡുകൾ ഏതൊക്കെയാണ് ;

(സി) ശേഷിക്കുന്ന റോഡുകളുടെ നിർമ്മാണത്തിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ ; എന്നത്തേയ്ക്ക് പണിപൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരവൂർ നഗരസഭയിൽ ഫിഷറീസ് വകുപ്പിന്റെ മേൽനോട്ടത്തിൽ പുനരുദ്ധാരണനിർമ്മാണം നടത്തുന്നതിന് 5 റോഡുകൾക്ക് അനുമതി നൽകി. അതിൽ 3 റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2 റോഡുകൾക്ക് (നമ്പർ 3, 4) സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും ഈ രണ്ട് റോഡുകൾ പരവൂർ മുനിസിപ്പാലിറ്റി ഏറ്റെടുത്തുനടത്തി വരുന്നതിനാൽ ക്ലോഷർ എഗ്രിമെന്റ് വച്ച് കരാറുകാരനെ ഒഴിവാക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly